# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 973** — **10.06.2019 ലെ മറുപടി**

**കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ :** | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) കവളങ്ങാട്-വാരപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക്ഡാം കം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ടു പോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച്റോഡ് പഴയ പൊതുമരാമത്തു റോഡുമായി ചേരുന്ന ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറി എന്നാരോപിച്ച് പ്രസ്തുതവ്യക്തി ബഹു. മുൻസിഫ് കോടതിയിൽ ഒ.എസ്.104/2016 എന്ന നമ്പറിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വെയർ കോടതിതന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തി. ഈ കേസിന്റെ വിധി ഇതുവരെ തീർപ്പാക്കിയിട്ടില്ല. വിസ്താരം 12.02.2019-ൽ ആണ് നിശ്ചയിച്ചിരുന്നത്. പിന്നീട് ടി വിസ്താരം 19.06.2019 ലേക്ക് നീട്ടിവച്ചു.<br>താലൂക്ക് സർവ്വെയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് (48 $m^2$) സ്ഥലം സർക്കാർ ഭൂമിയോട് ചേർന്നു കിടക്കുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം (48 $m^2$) ഉണ്ടെങ്കിൽ മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കു. എന്നാൽ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനും ഇവിടെ ഒരു വെയിറ്റിങ്ങ് ഷെഡ് സ്ഥാപിക്കുന്നതിനുമായി പല്ലാരിമംഗലം വില്ലേജ് സർവേ നമ്പർ 508/4-ൽ |

പ്പെട്ട കെട്ടിടങ്ങൾ ഒന്നും തന്നെയില്ലാത്ത മേൽ പറഞ്ഞ 48 $m^2$ സ്ഥലം ഉൾപ്പെടെയുള്ള 190 $m^2$ സ്ഥലം ലാന്റ് അക്വസിഷൻ നടപടി പൂർത്തിയാക്കി സർക്കാരിലേക്ക് ഏറ്റെടുക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ കേസ് തീർപ്പാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച സെക്രട്ടേറിയറ്റിലെ IR2/313/18/WRD എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (ബി) | ചെറിയ മാറ്റങ്ങളോടെ സർക്കാർ ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ച് പരിമിതമായ അളവിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലും കോടതി ഉത്തരവുകളും സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയറിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ചീഫ് എഞ്ചിനീയറിൽ നിന്നും അധിക വിവരം ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | സർക്കാർ നിർദ്ദേശ പ്രകാരം അധിക വിവരങ്ങൾ ലഭിച്ചത് ലാൻറ് അക്വസിഷന് വേണ്ടിയുള്ള നിശ്ചിത പ്രൊഫോർമയിൽ അല്ലാത്തതിനാൽ അപ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാലതാമസം ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി എടുത്തുവരുന്നു. |
| (ഡി) | സാങ്കേതിക പ്രശ്നങ്ങളും, കാലതാമസവും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**